നെയ്യാറിൻകര മുനിസിപ്പൽ സ്റ്റേഡിയം

692. [972] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര മുനിസിപ്പൽ ടൗണിൽ ഒരു സ്റ്റേഡിയം പണിയുന്നതിനുവേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ';

(ബി) ഉണ്ടെങ്കിൽ അതിലേക്കുള്ള നടപടികൾ ഏതു വരെയായിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള നിയമം അനുസരിച്ച് സ്ഥലം സ്വന്തമായുള്ള മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ സ്കൂളുകൾ, കോളേജുകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കു മാത്രമേ സ്റ്റേഡിയം നിർമ്മിക്കുന്നതിൽ കേരളാ സ്പോർട്ട്സ് കൗൺസിലിൽ നിന്നും ധനസഹായം നൽകുകയുള്ളൂ. സ്ഥലം പൊന്നും വിലയ്ക്കെടുത്തു സ്റ്റേഡിയം നിർമ്മിക്കുന്നതിനു പദ്ധതി നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

II. ശ്രദ്ധക്ഷണിക്കൽ

(1) ഇടുക്കി ജില്ലയിലെ തങ്കമണിയിലുണ്ടായ പോലീസ് വെടിവയ്പ്

ശ്രീ. എം. ജിനദേവൻ : സർ, ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ തങ്കമണി എന്ന സ്ഥലത്ത് ഇക്കഴിഞ്ഞ 22-ാം തീയതി ഉണ്ടായ പോലീസ് വെടിവയ്പിൽ കോഴിമല ഇബ്രാഹിം എന്ന അറുപതുകാരൻ കൊല്ലപ്പെടുകയും മറ്റനേകം പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്ത സംഭവം ഈ നിയമസഭ ചർച്ച ചെയ്തിട്ടുള്ളതാണ്. വെടിവയ്പിനുശേഷം അന്നേദിവസം രാത്രി 11 മണിയോടുകൂടി തങ്കമണിയിൽ എത്തിയ മുന്നൂറോളം പോലീസുകാർ അവിടെ ചെയ്തുകൂട്ടിയ വിക്രിയകളും അതിക്രമങ്ങളും വിവരണാതീതമാണ്. ആ ഗ്രാമം ആകെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിച്ചു. തങ്കമണി ടൗണിലും പരിസരപ്രദേശങ്ങളിലുമുള്ള മുഴുവൻ വീടുകളും കടകളും ആ രാത്രിയിൽ പോലീസ് റെയ്ഡ് ചെയ്തു. 81 ആളുകളെ ആ രാത്രിയിൽ പോലീസ് കസ്റ്റഡിയിലെടുത്തു. അവരെയെല്ലാം ഭീകരമായി മർദ്ദിച്ചു. പല ബാച്ചുകളായി ആണ് പോലീസ് വീടുകൾ പരിശോധിക്കാൻ പോയത്. അടഞ്ഞുകിടന്ന വീടുകളുടേയും കടകളുടേയും വാതിലുകൾ ചവിട്ടിപ്പൊളിച്ച് അകത്ത് കടന്ന് കണ്ണിൽക്കണ്ടതെല്ലാം നശിപ്പിക്കുകയും വിലപിടിപ്പുള്ള സാധനങ്ങൾ കവർച്ച ചെയ്യുകയും ചെയ്തു. സർ, യുവതികളെമാറ്റി നിർത്തി ചോദ്യം ചെയ്യുകയും കവിളത്ത് കടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്യുക എന്നത് പോലീസിന്റെ ക്രൂരവിനോദമായിരുന്നു സർ, അവിടെ. അമ്മമാരേയും സഹോദരിമാരേയും കൊച്ചുകുട്ടികളെപ്പോലും അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്തു. പടിയറ അന്തോണിയുടെ വീട്ടിൽനിന്നും പതിനായിരം രൂപയും ഒരു റിസ്റ്റ്വാച്ചും പോലീസ് തട്ടിയെടുത്തുകൊണ്ടുപോയി. മറ്റൊരു വീട്ടിൽനിന്നും പത്തുപവന്റെ സ്വർണ്ണാഭരണങ്ങൾ തട്ടിയെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

റേഡിയോ സ്റ്റീരിയോ, സെറ്റ് തുടങ്ങി തലയിണയും ബെഡ് ഷീറ്റും വരെ പോലീസ് എടുത്തുകൊണ്ടുപോയി, അവിടെ സ്ക്കൂളിൽ പഠിപ്പിക്കുന്ന ടീച്ചർമാരും ഉദ്യോഗസ്ഥകളായ സ്ത്രീകളും താമസിക്കുന്ന ഒരു ഹോസ്റ്റലിൽ പോലീസ് കടന്നുകയറി അവിടെ ഉണ്ടായിരുന്നവരെ കടന്നു പിടിക്കുകയും മൃഗീയമായി ഉപദ്രവിക്കുകയും ചെയ്തു. രണ്ടു സഹോദരിമാരെ തൂക്കിയെടുത്ത് ഹോസ്റ്റലിനു വെളിയിൽ കൊണ്ടുപോയി ക്രൂരമായി ബലാൽസംഗം ചെയ്തു. പോലീസുകാർ അഞ്ചുപേർ ഉണ്ടായിരുന്നു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ലോക്കൽ കമ്മിറ്റി ഓഫീസ് തല്ലിതകർത്തു. കോൺഗ്രസ് ഐ-യുടെ സേവാദൾ ക്യാപ്റ്റൻ മൂലേപ്പറമ്പിൽ ജോയിയുടെ സഹോദരൻ കുഞ്ഞുകുട്ടിയുടെ വീട്ടിൽ കയറി ആസ്മാരോഗി കൂടിയായ കുഞ്ഞുകുട്ടിയേയും അദ്ദേഹത്തിന്റെ ഭാര്യ പെണ്ണമ്മയേയും മക്കളേയും ഗുരുതരമായി മർദ്ദിച്ചു. അവർ ഇപ്പോഴും പൈനാവ് ഗവൺമെൻറ് ആശുപത്രിയിൽ ചികിൽസയിലാണ്. പെണ്ണമ്മയുടെ മുടിക്കുത്തിന് പിടിച്ച് ബൂട്ട്സീട്ട് പോലീസുകാർ അവരെ നിലത്തിട്ട് ചവുട്ടി. അവരുടെ 14 വയസുള്ള മകൻ ജോൺ ജോസഫിനെയാണ് മർദ്ദിച്ചത്. ആ കുടുംബം ഒന്നടങ്കം ക്രൂരമായി മർദ്ദനത്തിന് ഇരയായി. കിഴക്കേമുറിയിൽ വിദ്യാധരൻ നായരുടെ ചായക്കട തല്ലിതകർത്തു. വിദ്യാധരൻ നായരുടെ ഭാര്യ രുഗ്മിണി, മകൾ ജയശ്രീ, ജയമോൻ എന്നിവരെ മൃഗീയമായി മർദ്ദിച്ചു. 8-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന ബിന്ദു എന്ന കുട്ടിയുടെ കാൽ തല്ലിയൊടിച്ചു. വാഴയ്ക്കാപറമ്പിൽ അപ്പച്ചന്റെ വീട് തല്ലിതകർത്തു. തോട്ടത്തിൽ രാമകൃഷ്ണന്റെ വീട്ടിൽ കയറി റേഡിയോ നശിപ്പിച്ചു. കൂടപ്പാക്കിൽ തങ്കച്ചന്റെ വീട്ടിൽ കയറി തങ്കച്ചനേയും അയാളുടെ അളിയൻ ജോസിനേയും തല്ലി. മാമലയിൽ ജോസഫിന്റെ വീട്ടിൽ കയറി സർവ്വസാധനങ്ങളും നശിപ്പിച്ചു. വളളിയാന്തടത്തിൽ ദേവസ്യയുടെവീട് തല്ലിപ്പൊളിച്ചു. പവ്വത്ത് അപ്പച്ചന്റെ വീട്ടിൽ കയറി വാച്ചെടുത്തുകൊണ്ടുപോയി. പ്ലാമൂട്ടിൽ തോമസിന്റെ വീട്ടിൽ കയറി തോമസ്സിനെയും മകൻ രാജുവിനെയും മർദ്ദിച്ചു. ആ വീട്ടിൽ പ്രസവിച്ചു കിടന്ന തോമസിന്റെ മകൾ സൂസിയെ കട്ടിലിൽനിന്ന് വലിച്ച് താഴെയിട്ടു. കൊല്ലപറമ്പിൽ വർഗ്ഗീസിന്റെ വീട്ടിൽ കയറി അലമാര തല്ലിപ്പൊളിച്ച്, പാത്രങ്ങൾ നശിപ്പിച്ചു. തങ്കമണിയിലെ മൃഗാശുപത്രിയിലെ ജീവനക്കാരനായ നെല്ലിപ്പറമ്പിൽ നാരായണനേയും അദ്ധ്യാപികയായ ഭാര്യ സുമതിയേയും സുമതിയുടെ സഹോദരിയുടെ മകൻ സജിയേയും മർദ്ദിച്ചു. പെമ്പകശ്ശേരി സ്ക്കറിയയേയും ആ വീട്ടിൽ വയറിംഗ് നടത്തുന്നതിന് കാഞ്ഞിരപ്പള്ളിയിൽനിന്ന് വന്ന തങ്കച്ചൻ, ജോയി എന്നിവരെയും മർദ്ദിച്ചു. സ്ക്കറിയയുടെ ഭാര്യ അന്നമ്മയെ ലാത്തികൊണ്ട് കുത്തുകയും അവരുടെ മകൻ 12 വയസുള്ള ബാബുക്കുട്ടനെ തല്ലുകയും ചെയ്തു. മരങ്ങാട്ട് മത്തായിയുടെ വീട്ടിൽ കയറി മത്തായിയുടെ മകൻ സണ്ണിയെ മർദ്ദിച്ചു. പുന്നക്കേഴത്ത് ഏലിയാമ്മയുടെ വീട്ടിൽ കയറി മക്കളായ മോനായിയേയും ബിനോയിയേയും ക്രൂരമായി മർദ്ദിച്ചു. അവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അവിടെ വച്ചു മർദ്ദിച്ചു. കാഞ്ഞിരത്താനം മലയിൽ ഗോപാലപിള്ളയുടെ പീടിക കുത്തിത്തുറന്ന് അനേകം സാധനങ്ങൾ മോഷ്ടിച്ചു. ഒരു സ്റ്റേഷനറികട കുത്തിത്തുറന്ന് ബ്രഷ്, പേസ്റ്റ്, ബ്ലേഡ്, പൗഡർ തുടങ്ങിയ സാധനങ്ങൾ പോലീസുകാർ കൊള്ളയടിച്ചുകൊണ്ടുപോയി. കൈതമറ്റത്ത് കുഞ്ഞച്ചന്റെ വീട്ടിൽ കയറി പാത്രങ്ങളും അലമാരയും നശിപ്പിച്ചു. പുതുപ്പറമ്പ് എബ്രഹാമിന്റെ വീട്ടിൽ കയറി വീട്ടുപകരണങ്ങൾ നിശ്ശേഷം നശിപ്പിച്ചു. വീട്ടിലുണ്ടായിരുന്നവർ ഇറങ്ങി ഓടിയെങ്കിലും അവരെ പിൻതുടർന്നു പിടികൂടി മർദ്ദിച്ചു. അമ്പാട്ടു ദേവസ്യയുടെ വീട്ടിൽ കയറി അലമാര തല്ലിപ്പൊളിച്ച് ആയിരം രൂപയോളം അപഹരിച്ചുകൊണ്ടുപോയി. താന്നിയ്ക്കൽ ചാക്കോയുടെ വീട്ടിൽകയറി ചാക്കോയേയും മകൻ തങ്കച്ചനേയും

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദിച്ചു. തങ്കമണിയിൽ സാധാരണ ജനജീവിതം ഇപ്പോഴും പുന:സ്ഥാപിക്കപ്പെട്ടിട്ടില്ല. കച്ചവട പീടികകളും പൂർണ്ണമായും തുറന്നു പ്രവർത്തിപ്പിക്കാൻ തുടങ്ങിയിട്ടില്ല. സ്ക്കൂളിൽ കുട്ടികളും വരുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച ഹോസ്റ്റലിൽ താമസിച്ചിരുന്ന അദ്ധ്യാപികമാർ സംഭവത്തിന്റെ പിറ്റേദിവസം സ്ഥലം വിട്ടതാണ്. അവർ ഇതുവരെ തിരിച്ച് എത്തിയിട്ടില്ല. തങ്കമണിയിലേക്കുള്ള ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടില്ല. തങ്കമണി പ്രദേശം ഇപ്പോഴും പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടു കിടക്കുന്നു, പോലീസ് അവിടെ ധാരാളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ടാൽ അറിയാവുന്ന 1500 ഓളം പ്രതികളാണ് പല കേസുകളിലായി ഉള്ളത്. കണ്ടാൽ അറിയാവുന്ന പ്രതികളെ അന്വേഷിച്ച് പോലീസ് ഇപ്പോഴും വീടുകൾ റെയിഡ് ചെയ്യുന്നു. നിരവധി നിരപരാധികളെ പീഡിപ്പിക്കുന്നു; പിടിച്ച് പോലീസ് ക്യാമ്പുകളിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുന്നു. ആ പ്രദേശത്തെ ജനങ്ങൾ ഭയവിഹ്വലരായിക്കഴിയുകയാണ്. ജനങ്ങളുടെ ഭയാശങ്കകൾ അകറ്റാനും അവിടെ സാധാരണ ജനജീവിതം പുന:സ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. വെടിവയ്പിൽ മരണമടഞ്ഞ കോഴിമല ഇബ്രാഹിമിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം. ഒൻപത് മക്കളുടെ പിതാവാണ് 60 വയസുകാരനായ ഇബ്രാഹിം. ഒരു കാല് നേരത്തെ മുറിച്ച് കളയേണ്ടിവന്ന ഉടുമ്പിക്കൽ മാത്യു എന്നയാളുടെ മറ്റേ കാലിനാണ് വെടിയേറ്റത്. അതുകൊണ്ട് ആ കാലും നഷ്ടപ്പെടാനാണ് പോകുന്നത്. ഈ മാത്യുവിനും അതുപോലെ മാരകമായി പരുക്കേറ്റ മറ്റുള്ളവർക്കും മുതലുകൾ നശിച്ചവർക്കും നഷ്ടപരിഹാരം നൽകുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. സർവ്വോപരി ഈ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളെല്ലാം പിൻവലിക്കണം. ഗവൺമെന്റ് ഉത്തരവായിട്ടുള്ള ജുഡീഷ്യൽ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം കുറ്റവാളികളുടെ പേരിൽ യുക്തമായ നടപടി സ്വീകരിക്കാവുന്നതാണ്. നിരപരാധികളായ ആയിരക്കണക്കിന് ആളുകളെ കേസിൽ കുടുക്കി കഷ്ടപ്പെടുത്തുന്നത് കഷ്ടമാണ്. കേസ് അന്വേഷണത്തിന്റെ പേരിൽ ഇനിയെങ്കിലും ആരെയും മർദ്ദിക്കുകയില്ലെന്ന് ഉറപ്പുണ്ടാകണം. തങ്കമണിയിൽ ക്യാമ്പുചെയ്യുന്ന പോലീസ് ആ മലയോരഗ്രാമത്തിന് ഒരു ഭീഷണിയും പേടി സ്വപ്നവുമാണ്. അവിടെ ഏർപ്പെടുത്തിയിട്ടുള്ള പോലീസ് ക്യാമ്പ് പിൻവലിക്കണം. സാധാരണ ജനജീവിതം പുന:സ്ഥാപിക്കണമെങ്കിൽ അത്യാവശ്യമായി വേണ്ടത് അവിടെയുള്ള പോലീസ് ക്യാമ്പ് പിൻവലിക്കലാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് നടത്തിയ അതിക്രമങ്ങളെക്കുറിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണം. അവിടെ കക്ഷിരാഷ്ട്രീയം ഒന്നുമില്ല. അവിടെയുള്ള ജനങ്ങളും ആകെ കേരളകോൺഗ്രസ്സുകാരും, കോൺഗ്രസ്സുകാരും, മാർക്സിസ്റ്റുകാരും അല്ലാത്തവരുമെല്ലാമായിട്ടുള്ള കൃഷിക്കാരാണ്. ഒരു മലയോര ഗ്രാമമാണ് ഈ തങ്കമണി എന്നു പറയുന്ന സ്ഥലം. നിരപരാധികളായ അനേകം ആളുകളും ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. ആ പീഡനം ഇപ്പോഴും തുടരുകയാണ്. അങ്ങേയ്ക്കും അമ്മയും സഹോദരിമാരും ഉണ്ടല്ലോ. പെൺമക്കളും ഉണ്ടെങ്കിൽ അവർ പ്രായമാകും. അവിടെ സ്ത്രീകളോട് കാണിച്ച കൊടുംക്രൂരത മനുഷ്യമനസാക്ഷിയുള്ള ഏതൊരാളേയും ലജ്ജിപ്പിക്കുന്നതാണ്. അവിടെ നടന്ന അതിക്രമങ്ങളെക്കുറിച്ച് നിഷ്പക്ഷമായ ഒരന്വേഷണം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കണം. അവിടെയുള്ള കേസുകളും പിൻവലിക്കണം. അതുപോലെ അവിടെയുള്ള പോലീസ് ക്യാമ്പ് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി [ശ്രീ. കെ. കരുണാകരൻ : സർ, 22 ാം തീയതി ഉണ്ടായ വെടിവയ്പിനെക്കുറിച്ച് ഈ സഭയിൽ പ്രതിപാദിച്ചിരുന്നതാണ്.....(ബഹളം).....ഈ സഭയിൽ ചില നടപടിക്രമങ്ങളുണ്ട്. വിശദീകരണം പൂർത്തിയായതിനുശേഷം എന്ത് സംശയമുണ്ടെങ്കിലും തീർക്കാം.

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട ജിനദേവന് വളരെ വിശദമായി പറയാനുള്ള സാവകാശം കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയേണ്ടേ ?

[ശ്രീ. കെ. കരുണാകരൻ : സർ, തങ്കമണിയിൽ വെടിവയ്പുണ്ടായ സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് കല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ഞാൻ ആദ്യമേതന്നെ വ്യക്തമാക്കി. ഈ കാര്യത്തിൽ റിപ്പോർട്ടു കിട്ടിയതിനുശേഷം ആവശ്യമായ നടപടികളെടുക്കാം ; കുറ്റം ചെയ്യുന്ന ആർക്കും സംരക്ഷണം കൊടുക്കുന്ന ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. അന്നേദിവസം വൈകുന്നേരം ഉണ്ടായ ചില സംഭവത്തെക്കുറിച്ചാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് അതിശയോക്തിയാണെന്ന് പറഞ്ഞാൽ എന്നോട് ക്ഷമിക്കണം. കാരണം.....(ബഹളം).....സർ, ഞാൻ ഇവിടെ പറഞ്ഞത് അദ്ദേഹം പറഞ്ഞതെല്ലാം അടിസ്ഥാനരഹിതമാണെന്നല്ല : ചില കാര്യങ്ങളും അതിശയോക്തിപരമാണെന്നാണ്. ഈ സഭയിലെ അംഗങ്ങളായ [ശ്രീ. കുറ്റ്യാനിയും [ശ്രീ. ഉമ്മൻചാണ്ടിയും അവിടെ പോയി. പോലീസിന്റെ ഭാഗത്തുനിന്ന് ചില എക്സസ് ഉണ്ടായതായി പരാതി കിട്ടിയിട്ടുണ്ട്. ആ പരാതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് യാതൊരു മടിയും കാണിക്കുകയില്ല. ആരേയും പ്രൊട്ടക്ട് ചെയ്യുന്ന [പശ്നം ഗവൺമെന്റിനില്ല.....(ബഹളം).....അന്വേഷിക്കാൻ പോകുന്നതിനെപ്പറ്റി ഞാൻ ഇപ്പോൾ വിധിയെഴുതണമോ ? .....(ബഹളം).....സർ, ബഹുമാനപ്പെട്ട കുറ്റ്യാനി പിറ്റേദിവസം തന്നെ അവിടെ ചെന്ന് ബന്ധപ്പെട്ട എല്ലാവരുമായി ബന്ധം പുലർത്തി. പോലീസ് ചെയ്തിട്ടുള്ള തെറ്റായ ഒരു നടപടിയേയും ഈ ഗവൺമെന്റ് ന്യായീകരിക്കുകയില്ല. പോലീസിന്റെ ഈ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള ഏത് തെറ്റിനേയും അത് അർഹിക്കുന്ന ഗൗരവത്തോടുകൂടിതന്നെ ഗവൺമെന്റ് കൈകാര്യം ചെയ്യും. അന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ കമ്മ്യൂണിക്കേഷന് ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ട് രാത്രിയാണ് സെൻട്രൽ സോൺ ഡി. ഐ. ജി. യെ വിവരം അറിയിച്ച് സ്പോട്ടിൽ ചെല്ലാൻ പറഞ്ഞത്, അന്ന് രാത്രി അദ്ദേഹം അവിടെ ചെന്നു. ഡി. ഐ. ജി. അവിടെ ചെന്നതിനുശേഷം യാതൊരു സംഭവവും പിന്നിട് അവിടെ ഉണ്ടാകാൻ ഇടയായിട്ടില്ല എന്ന് അവിടെയുള്ള എം. എൽ. എ. വരെ സമ്മതിച്ചു. കുറ്റം ചെയ്ത ഒരാൾക്കും പ്രൊട്ടക്ഷൻ കൊടുക്കുകയില്ല. അത് ഗവൺമെന്റിന്റെ നയമല്ല. അന്നത്തെ സംഭവം ഇവിടെ സൂചിപ്പിച്ചതുപോലെ ഇത്രയും ആളുകൂടം വന്ന് പോലീസിനെ ആക്രമിച്ചുകഴിഞ്ഞിട്ട് വെടിവച്ചതിനുശേഷം അവിടെ ഉണ്ടായിരുന്ന ഔട്ട് പോസ്റ്റ് കത്തിച്ചു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ രണ്ട് കേസ് ചാർജ് ചെയ്തിട്ടുണ്ട്, ആ ചാർജ് ചെയ്ത കേസിൽ ഒന്ന് പോലീസിനെ കയ്യേറ്റം ചെയ്തുവെന്നുള്ള കേസാണ്. മറ്റൊന്ന് പോലീസ് ഔട്ട് പോസ്റ്റ് കത്തിച്ചുവെന്നുള്ള കേസ്. ഈ രണ്ട് കേസിലെ പ്രതികളെയും അന്വേഷിച്ച് എന്നുള്ളത് ശരിയാണ്. ഈ രണ്ട് കേസുകളിലെ പ്രതികളും രക്ഷപ്പെടാതിരിക്കാൻ പോലീസ് അന്വേഷിച്ചുവെന്നുള്ളതും ശരിയാണ്. അത് നിഷേധിക്കുന്ന പ്രശ്നമില്ല. എന്നാൽ പിറ്റേ ദിവസം ഡി. ഐ. ജി. അവിടെ ചെന്നതിനുശേഷം എല്ലാ കൺട്രോളും അദ്ദേഹം എടുക്കുകയും ആവശ്യമായ നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. പിന്നീട് രാത്രി ആരേയും ചോദ്യം ചെയ്യാൻ പോയിട്ടില്ല. മാത്രമല്ല ബഹുമാനപ്പെട്ട മെമ്പർ അതിശയോക്തി എന്നു പറഞ്ഞു. ഇന്നലെത്തന്നെ പോലീസിനെ അവിടെ നിന്ന് കംപ്ലീറ്റായി പിൻവലിച്ചിട്ടുണ്ട്. അവിടത്തെനില ശാന്തമായിട്ടുണ്ട്. അതിനുപുറമേ പ്രശ്നംതീർക്കാൻ വേണ്ടി ശ്രീ. കുറ്റ്യാനി തന്നെ അവിടെയുള്ള ബന്ധപ്പെട്ട ആളുകളുമായും ബസ്സുടമകളുമായും വിദ്യാർത്ഥികളുമായും സംസാരിച്ച് അവിടെ സമാധാനം പുനഃസ്ഥാപിക്കുന്നതിന് വേണ്ടി ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. ഗവൺമെന്റ് ആരേയും.....(ബഹളം).....ഉദ്ദേശിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു രാഷ്ട്രീയ പരിഗണനയും കൂടാതെതന്നെ എല്ലാവരുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. അതിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ് നമുക്ക് ആവശ്യം. ഒരു പ്രശ്നം ഉണ്ടായാൽ മനഃപൂർവ്വം അതിൽ കുറ്റം കണ്ടെത്താൻ ശ്രമിക്കുകയല്ല വേണ്ടത്. അതുകൊണ്ടാണ് പറഞ്ഞത് ഈ കാര്യത്തിൽ പോലീസിനെ പിൻവലിച്ചിട്ടുണ്ട്, സ്ഥിതിഗതികളും ശാന്തമാണെന്ന്. അവിടെ കടകമ്പോളങ്ങളും തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ആളുകളുമായി കൂടിയാലോചന നടത്തുകയാണ്. വേഗത്തിൽ പരിഹാരം ഉണ്ടാകുമെന്നാണ് കരുതുന്നത്. ജുഡീഷ്യൽ അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, അതിനുശേഷം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള തെറ്റ് എന്താണെന്ന് പരിശോധിച്ച് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുറ്റക്കാരാണെന്ന് കാണുന്നവരുടെ പേരിൽ നടപടി എടുക്കാൻ ഗവൺമെന്റ് മടിക്കുകയില്ല. അതിനു ശരിയായ നടപടി സ്വീകരിക്കും.

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, മറുപടി തൃപ്തികരമല്ലാത്ത ഈ സാഹചര്യത്തിൽ ഈ മറുപടിയും കേട്ട് സഭയിലിരിക്കാൻ ഞങ്ങൾക്ക് പറ്റുകയില്ല. ഞാനും എന്റെ പാർട്ടിയും വാക്കൗട്ടുനടത്തുകയാണ്.

(ശ്രീ. കെ. മൂസ്സക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. പി. പ്രഭാകരൻ : കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഒട്ടനവധി സംഭവങ്ങളാണു സർ,.....(ബഹളം).....തങ്കമണിയിൽ വെടിവയ്പു നടന്നതിന്റെ പിറ്റേ ദിവസംതന്നെ നിയമസഭയിൽ ആ പ്രശ്നം ഉന്നയിച്ചതാണ് ആ സംഭവത്തിനുശേഷം നടന്ന ക്രൂരമായ പോലീസ് അക്രമങ്ങൾ അക്കമിട്ടു നിരത്തിക്കൊണ്ടാണ് ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. അതിൽ ഏതെങ്കിലും ഒന്ന് നിഷേധിക്കാൻ കഴിയാതെ അതിശയോക്തിപരമാണെന്നു പറഞ്ഞുകൊണ്ട് തള്ളുന്ന ഈ ഗവൺമെന്റിന്റെ നിലപാട് ഇതുപോലുള്ള സംഭവങ്ങൾ ഇനിയും നമ്മുടെ രാജ്യത്തെ പോലീസിനു നടത്താനുള്ള പ്രേരണ നൽകുന്നതരത്തിലുള്ളതാണ്. മുഖ്യമന്ത്രി പോലീസ് വകുപ്പിന്റെ ചാർജ് ഏറെറടുത്തതിനുശേഷം എന്തു തോന്ന്യാസവും പോലീസിനു നടത്താമെന്നായിട്ടുണ്ട്. സ്ത്രീകളെ അപമാനിക്കുക, ബലാൽസംഗം ചെയ്യുക, ഇങ്ങനെ രാജ്യത്തു മുഴുവൻതന്നെ ഇന്നു ഒരു പോലീസ് രാജാണ് നടക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. മണിമംഗലത്തു കുട്ട്യാലിയും അവിടെ പോയി അന്വേഷിച്ചിട്ടു വന്നിട്ടാണ് ആ വസ്തുത ഇവിടെ പറയുന്നത്. അവർ പോലും നിഷേധിക്കപ്പെടാത്ത ഈ കാര്യം അതിശയോക്തിപരമാണെന്നു പറയുന്ന മുഖ്യമന്ത്രിയുടെ നിലപാട് ഇനിയും പോലീസിന് പ്രോൽസാഹനം നൽകാനുള്ള പ്രേരണയാണ് അതുകൊണ്ട് ഇത് ചർച്ച ചെയ്യാനുള്ള ഒരു അവസരമെങ്കിലും ഉണ്ടാക്കിത്തരേണ്ടതാണ്, അതിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. പി. പ്രഭാകരനും അദ്ധേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, തങ്കമണി വെടിവയ്പിൽ ഒരാൾ മരിച്ചിട്ടും ഒരാളുടെ കാലു പോയിട്ടും മുഖ്യമന്ത്രിയുടെ വെടിവയ്പിനെക്കുറിച്ചുള്ള ന്യായീകരണമാണ് മനസ്സിലാകാത്തത്. അന്നുരാത്രി വീടുകളിൽ കയറി ബലാൽസംഗവും പിടിച്ചുപറിയും കയ്യേറ്റവും കൊള്ളയും നടത്താനാണ് പോലീസുകാരെ പ്രേരിപ്പിച്ചത്. പോലീസുകാരുടെ പേരിൽ ബലാൽസംഗത്തിനും കൊള്ളയ്ക്കും റോബറിയ്ക്കും കേസെടുക്കണം കേസെടുക്കാതെ പോലീസുകാരെ മാറ്റി എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഇത്രയേറെ ക്രൂരമായ ഒരു സംഭവമാണെന്ന് ഭരണകക്ഷിയും പ്രതിപക്ഷവും ഒരുമിച്ച് പറയുകയാണ്. ശ്രീ മണിമംഗലത്തു കുട്ട്യാലി കരയുന്നു സർ, ശ്രീ. ഉമ്മൻചാണ്ടിയെ അങ്ങോട്ടു അയച്ചു എന്നിട്ട് മുഖ്യമന്ത്രി ആ പോലീസുകാരേ ന്യായീകരിക്കുന്നു. മുഖ്യമന്ത്രിയുടെ ഇത്തരത്തിലുള്ള അക്രമപരമായ സമീപനത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ.സി. ഷൺമുഖദാസും അദ്ധേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. ബേബി ജോൺ : സർ, ഇത് കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമല്ല. നമ്മുടെ സംസ്ഥാനത്തിന്റെ അന്തസ്സിന്റേയും അഭിമാനത്തിന്റേയും പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ ഇതിനുമുമ്പ് ഒരിക്കലും ഇത്ര ക്രൂരമായ നടപടി പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നാണ്. എനിക്ക് തോന്നുന്നത്. വെടിവയ്പു കഴിഞ്ഞശേഷം എന്തെല്ലാമാണുനടന്നതെന്ന് ഇവിടെ പറയുന്നത്. ഞാൻ അത് ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനു ആകെ പറഞ്ഞ മറുപടി 'അതിശയോക്തിപരമാണ്' എന്നാണ്. പിന്നെ അദ്ധേഹം പറഞ്ഞു കുറച്ച് എക്സസ് ഉണ്ടായിരുന്നു എന്ന്. സർ, എന്താണ് എക്സസ് ? ഇവിടെ വളരെ വ്യക്തമായി പറഞ്ഞു സർ, സ്ത്രീകളെ അപമാനിക്കാൻ ശ്രമിച്ചു, സ്ത്രീകളെ കടന്നു പിടിച്ചു, പണം അപഹരിച്ചുകൊണ്ടുപോയി, ആളുകളെ മർദ്ദിച്ചു നമുക്ക് ഇതു ഭൂഷണമാണോ ? ശ്രീ. ഉമ്മൻചാണ്ടി അവിടെ പോയി. അങ്ങേക്ക് ഒക്കുമെങ്കിൽ നമ്മുടെ മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഈ ക്രൂരകൃത്യങ്ങളുടെ സത്യാവസ്ഥ എന്താണെന്നറിയാൻ നിയമസഭയിലെ ഒരു കമ്മിറ്റിയെ വച്ച് അന്വേഷിപ്പിക്കണം. ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. ബേബിജോണും അദ്ധേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഇന്ന് ഇപ്പോൾ വാക്കൗട്ട് നടത്തുകയെന്നുള്ളതൊന്നും റൂളിൽ എഴുതിയിട്ടില്ലെങ്കിലും ശ്രദ്ധക്ഷണിക്കലിന്റെ മറുപടി കഴിഞ്ഞതിനുശേഷം വാക്കൗട്ട് നടത്തുകയെന്നുള്ളത് എനിക്കു തോന്നുന്നു ഈ സഭയിൽ ഇതാദ്യമാണെന്ന് അതിനു ബഹുമാനപ്പെട്ട കെ. കരുണാകരനു എല്ലാ മാർക്കുകളും കിട്ടേണ്ടതുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് പോലീസ്മന്ത്രിയായിട്ടുള്ള ബഹുമാനപ്പെട്ട കെ. കരുണാകരൻ വീണ്ടും പോലീസ് മന്ത്രിയായതിനുശേഷം സംസ്ഥാനത്ത് സായുധ പോലീസിന്റെ ക്രൂരത അഴിച്ചുവിട്ടിരിക്കുകയാണ്. അദ്ധേഹം എക്സസ് ഉണ്ടായി എന്നു പറഞ്ഞു. പക്ഷേ എക്സസ് എന്താണെന്നു ചോദിച്ചപ്പോഴം അദ്ധേഹം ഉടനെ മറുപടി പറഞ്ഞു അത് അന്വേഷിച്ചതിനുശേഷമേ പറയാൻ സാധിക്കുകയുള്ളു എന്ന്. സർ, ഈ തരത്തിൽ പരസ്പരവിരുദ്ധമായ മറുപടി പറഞ്ഞു കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിട്ടുള്ള മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. എം. എം. ഹസ്സൻ : സർ, അങ്ങയുടെ റൂളിംഗിനെ പരിപൂർണ്ണമായി ബഹുമാനിച്ചുകൊണ്ട് പറയുകയാണ്. റൂൾ 62 (പ്രൊവൈസോ-2 അനുസരിച്ച് കാളിംഗ് അറന്റൻഷൻ സമയത്ത് ഡിബേറ്റ് പാടില്ലെന്ന് പറയുന്നുണ്ട്. കീഴ്വഴക്കങ്ങളും നിയമങ്ങളുടേതുപോലെതന്നെ നമ്മൾ ഇവിടെ പിൻതുടരണമെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ കാളിംഗ് അറന്റൻഷൻ സമയത്ത് വാക്കൗട്ട് നടത്തുന്നത് നിയമവിരുദ്ധമാണ്. അതല്ല, ഏതു സമയത്തും വാക്കൗട്ട് നടത്താമെന്നുള്ള അങ്ങയുടെ റൂളിംഗിനെ ബഹുമാനിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു. കാളിംഗ് അറന്റൻഷൻ സമയത്ത് വാക്കൗട്ടു നടത്തുന്നത് ചട്ടങ്ങൾക്കു വിരുദ്ധമാണ്.

മി. സ്പീക്കർ : മി. ഹസ്സൻ, പാർലമെന്ററി സിസ്റ്റത്തിൽ ഡീസെന്റ് അതിന്റെ ഒരു പാർട്ടാണ്. ആ ഡിസെന്റ് ഏതുസമയത്തും രേഖപ്പെടുത്താവുന്നതാണ്. അത് ഡിബേറ്റല്ല. ആ ഡിബേറ്റിന്റെ ഭാഗമായി അങ്ങ് പറഞ്ഞതുപോലെതന്നെ വാക്കൗട്ട് നടത്തുന്ന സമയത്താണ് എല്ലാ നേതാക്കൻമാരും സ്റ്റേറ്റുമെന്റ് നടത്താറുള്ളത് it is also a convantion, അപ്പോൾ പ്രസക്തമായ കാര്യം നോക്കുക എന്നല്ലാതെ അപ്രസക്തമായ രീതിയിൽ പോകേണ്ട കാര്യമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വാക്കൗട്ടു നടത്തുന്നത് നിയമവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞതായി ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞു. മി. ഹസ്സൻ നിയമവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇതിനുമുൻപ് നടന്നിട്ടില്ലെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.

(2) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ബെന്നിബഹനാൻ : സർ, സംസ്ഥാനത്ത് തകർന്നുകൊണ്ടിരിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്.

ഇന്ന് നമ്മുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഇവിടെയിപ്പോൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിപക്ഷ ബഞ്ചുകളും പോലെയാണ്. ഇവിടെ ഇത് രണ്ടാമത്തെ പ്രാവശ്യമാണ് ഇക്കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് ഞാൻ കഴിഞ്ഞപ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചപ്പോൾ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇക്കാര്യങ്ങൾ പുനഃപരിശോധിക്കാമെന്നും ഏതെല്ലാം രീതിയിൽ അവരെ സഹായിക്കാമെന്ന കാര്യങ്ങളെക്കുറിച്ച് ഒരു കമ്മറ്റിയെവച്ച് അന്വേഷണം നടത്താമെന്നും ഈ സഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. ഇന്ന് വരെ ആ കമ്മിറ്റിയുടെ പ്രവർത്തനം ഏതുവരെയായി എന്നു അറിയാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് നമ്മുടെ സംസ്ഥാനത്ത് വ്യാവസായികമായ ഒരു മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു പഞ്ചായത്തിൽ 10 വ്യാവസായ സംരംഭങ്ങൾ എന്ന മുദ്രാവാക്യവുമായി ഏകദേശം പത്തുവർഷക്കാലം മുൻപ് ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന പരിപാടിക്ക് നമ്മുടെ സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയത്. കൊട്ടും കുരവയുമായി അതിന്റെ ഉദ്ഘാടന കർമ്മങ്ങളും എല്ലാം നടന്നുകഴിഞ്ഞതാണ്. പതിനായിരം വ്യവസായ സംരംഭങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly